**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സർവകലാശാലാ പരീക്ഷകൾ - യു.ജി , പി.ജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ , പ്രൊജക്റ്റ്, വൈവ വോസി മാർക്കുകൾ ബന്ധപ്പെട്ട പരീക്ഷാ ബോർഡ് ചെയർമാന്മാരിൽ നിന്ന് ശേഖരിക്കുന്നത് സംബന്ധിച്ച് - പരീക്ഷാ കൺട്രോളർ അംഗീകരിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5826/EA 2/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.12.2020

---

*പരാമർശം:*-1. അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷ) - ന്റെ 03.12.2020 തീയതിയിലെ കുറിപ്പ്.

2. പരീക്ഷാ കൺട്രോളറുടെ 03.12.2020 തീയതിയിലെ ഉത്തരവ്.

**<u>ഉത്തരവ്</u>**

സർവകലാശാലയിലെ യു.ജി , പി.ജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ , പ്രൊജക്റ്റ്, വൈവ വോസി മാർക്കുകൾ ബന്ധപ്പെട്ട പരീക്ഷാ ബോർഡ് ചെയർമാന്മാരിൽ നിന്ന് ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ അടങ്ങിയ കുറിപ്പ് പരാമർശം (1) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷ), നൽകിയിരുന്നു.

1. യു.ജി , പി.ജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ , പ്രൊജക്റ്റ്, വൈവ മാർക്കുകൾ ബന്ധപ്പെട്ട പരീക്ഷാ ബോർഡ് ചെയർമാന്മാരിൽ നിന്ന് അസിസ്റ്റന്റ് രജിസ്ട്രാർ XI(പരീക്ഷ) / ബന്ധപ്പെട്ട ഇ.ബി സെക്ഷൻ ശേഖരിക്കേണ്ടതാണ്.

2. ഇപ്രകാരം ശേഖരിക്കുന്ന മാർക്കുകൾ അടുത്ത ദിവസം തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷന്റെ ചുമതലയുള്ള അസ്സിസ്റ്റന്റ് രജിസ്ട്രാർമാർക്ക് കൈമാറേണ്ടതാണ് .

3. അസിസ്റ്റന്റ് രജിസ്ട്രാർമാർക്ക് കൈമാറുന്ന മാർക്കുകളുടെ എൻട്രി ബന്ധപ്പെട്ട ടാബുലേഷൻ സെക്ഷനുകളിൽ പൂർത്തീകരിച്ച ശേഷം , ഏതെങ്കിലും മാർക്കുകൾ ലഭിക്കുവാനുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിവരം ടാബുലേഷൻ സെക്ഷന്റെ ചുമതലയുള്ള അസ്സിസ്റ്റന്റ് രജിസ്ട്രാർമാർ രേഖാമൂലം AR XI-നെ അറിയിക്കുക. ഇപ്രകാരമുള്ള അറിയിപ്പ് പരീക്ഷാ ഫലം പ്രഖ്യാപിക്കുവാനുദ്ദേശിക്കുന്ന തീയതിക്ക് 10 ദിവസം മുൻപ് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

4. യു.ജി ,പി.ജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ , പ്രൊജക്റ്റ്, വൈവ മാർക്കുകൾ യാതൊരു സാഹചര്യത്തിലും ടാബുലേഷൻ സെക്ഷനുകളോ , ടാബുലേഷനുമായി ബന്ധപ്പെട്ട മറ്റു ഉദ്യോഗസ്ഥരോ കൈപ്പറ്റുന്നത് ഒഴിവാക്കേണ്ടതാണ് .

Draft #1 of File 73087/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 11-Dec-2020 07:53 PM - Page 1

5. പരീക്ഷാ മോണിറ്ററിങ് വിഭാഗം , മൂല്യ നിർണയ ക്യാമ്പുകൾ എന്നിവിടങ്ങളിൽ യു.ജി , പി.ജി പ്രോഗ്രാമുകളുടെ പ്രാക്ടിക്കൽ , പ്രൊജക്റ്റ്, വൈവ മാർക്കുകൾ ശേഖരിക്കുകയാണെങ്കിൽ ആയത് കാലതാമസം കൂടാതെ അസിസ്റ്റന്റ് രജിസ്ട്രാർ XI (പരീക്ഷ) -ന്റെ പക്കൽ എത്തിച്ചു നൽകേണ്ടത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ / ക്യാമ്പ് ഓഫീസറുടെ ചുമതലയായിരിക്കും.

പ്രസ്തുത നിർദേശങ്ങൾ, പരീക്ഷാ കൺട്രോളർ പരാമർശം (2) പ്രകാരം അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകൃഷ്ണകുമാർ ജി

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി. എ മാർ
3. സി.ഇ സെക്ഷൻ / ഇ.ബി സെക്ഷനുകൾ
4. എല്ലാ ടാബുലേഷൻ / ഇ.എൻ സെക്ഷനുകൾ
5. എല്ലാ എ.ആർ/ ഡി.ആർ/ ജെ.ആർ (പരീക്ഷ)
6. ഐ.ക്യു.എ.സി/കണ്ടന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7. സ്റ്റോക് ഫയൽ/ഫയൽ കോപ്പി

File 73087/EA2 SO/2020/EA 2

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 73087/EA2 SO/2020/EA 2 Approved by ASSISTANT REGISTRAR XI (EXAM) on 11-Dec-2020 07:53 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം